കേരള സർക്കാർ

സംഗ്രഹം

കൊല്ലം ഗവ.ആഫ്റ്റർകെയർ ഹോമിൽ സിസിടിവി ക്യാമറ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചും , തുക അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന (സി)വകുപ്പ്

**G.O.(Rt)228/2024/WCDD** **Dated,12/07/2024**

എ.എസ് നമ്പർ : AS/WCD/24/35778 കാലാവധി : 11/07/2027

AS/WCD/24/35778

പരാമർശം:-1. വനിത ശിശു വികസന ഡയറക്ടറുടെ 07.06.2024 ലെ ഡിഡബ്ല്യൂസിഡി/3109/2024-ഡബ്ല്യുഇസി5 നമ്പർ കത്ത്
2. 26.06.2024 ലെ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം

## ഉത്തരവ്

സർക്കാർ ഹോമുകളിലെ താമസക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി , ടി സ്ഥാപനങ്ങളിൽ സിസിടിവി ക്യാമറ സ്ഥാപിക്കുന്നതു അത്യന്താപേക്ഷിതമാണെന്നതിനാൽ, കൊല്ലം ഗവ ആഫ്റ്റർ കെയർ ഹോമിൽ സിസിടിവി ക്യാമറ സ്ഥാപിക്കുന്നതിനായി ജില്ലാ വനിത ശിശു വികസന ഓഫീസർ ലഭ്യമാക്കിയ 9,68,000 രൂപയുടെ (ഒൻപത് ലക്ഷത്തി അറുപത്തിയെണ്ണായിരം രൂപ) എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും, ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03(പി) ശിർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനു അനുമതി തേടിയും പരാമർശം (1) പ്രകാരം വനിത ശിശു വികസന ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ , പരാമർശം (2) ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും, ഇനം 34 ആയി അംഗീകരിക്കുകയും ചെയ്തു.

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | കൊല്ലം ആഫ്റ്റർ കെയർ ഹോമിൽ സിസിടിവി സ്ഥാപിക്കുന്നത് സംബ | 9,68,000 |
| ആകെ (ഒൻപത് ലക്ഷത്തി അറുപത്തി എണ്ണായിരം രൂപ) | | **9,68,000** |

2. പ്രസ്തുത സാഹചര്യത്തിൽ കൊല്ലം ഗവ ആഫ്റ്റർ കെയർ ഹോമിൽ സിസിടിവി ക്യാമറ

സ്ഥാപിക്കുന്നതിനായി ലഭ്യമായ 9,68,000 രൂപയുടെ (ഒൻപത് ലക്ഷത്തി അറുപത്തിയെണ്ണായിരം രൂപ) എസ്റ്റിമേറ്റ് അംഗീകരിച്ചും, നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03(പി) ശിർഷകത്തിൽ നിന്നും 9,68,000 രൂപ (ഒൻപത് ലക്ഷത്തി അറുപത്തിയെണ്ണായിരം രൂപ)വിനിയോഗിക്കുന്നതിനു അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

എല്ലാ വാങ്ങലുകളും സ്റ്റോറുകൾ വാങ്ങൽ നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് വിധേയമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ റ്റി കെ

അഡീഷണൽ സെക്രട്ടറി

Women and Child Development

To

1 ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ് എസ് എ, എ&ഇ) ,കേരളം

3. ധനകാര്യ വകുപ്പ്

4. വനിത ശിശു വികസന(എ) വകുപ്പ്

5. വെബ് & ന്യൂ മീഡിയ

6. ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2024.07.12 03:46:39 +05:30

AS/WCD/24/35778